അനുവദിക്കുന്ന ഒരു കേന്ദ്ര സർക്കാർ പദ്ധതിയും നിലവിലുണ്ട്. അധികാര വികേന്ദ്രീകരണത്തിന് ശേഷം ഇത്തരം കുട്ടികളുടെ സംരക്ഷണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നാൽ തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന മുതിർന്നവർക്കുവേണ്ടി മാത്രമായി സാമൂഹ്യക്ഷേമ വകുപ്പു പ്രത്യേക പദ്ധതികൾ ഒന്നും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നില്ല.

14 (*134) കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെ വികസനം

ശ്രീ. എളമരം കരീം :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെ വികസനം ലക്ഷ്യമാക്കി സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേരള മിനറൽസ് ആന്റ് മെറ്റൽസിലെ പിഗ്മെന്റ് പ്ലാന്റിന്റെ ശേഷി ഉയർത്തൽ, കടൽ മണലിൽ നിന്നും ഇൽമനൈറ്റ് വേർതിരിച്ചെടുക്കുക, ടൈറ്റാനിയം ഡയോക്സൈഡ് നിർമ്മാണത്തിനുള്ള ഓക്സിജൻ പ്ലാന്റിന്റെ വികസനം എന്നിവയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെ വികസന പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കെ.എം.എം.എൽ. ന്റെ വികസന പ്രവർത്തനങ്ങൾ എത്ര ഘട്ടങ്ങളിലായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) വികസന പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും എന്തു തുക ചെലവാക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി തീരുവ വെട്ടിക്കുറച്ച കേന്ദ്ര സർക്കാർ നയം കെ.എം.എം.എൽ-നെ എപ്പോഴെങ്കിലും ദോഷകരമായി ബാധിച്ചിരുന്നുവോ; വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെ വികസനം ലക്ഷ്യമാക്കി സർക്കാർ നാല് പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:-

1. പ്രതിവർഷം 3 ലക്ഷം മെട്രിക് ടൺ ഇൽമനൈറ്റ് ഉത്പാദിപ്പിക്കുന്നതിന് 292.47 കോടി രൂപ ചെലവ് വരുന്ന ഒരു മിനറൽ ഓപ്പറേഷൻ പ്ലാന്റ് സ്ഥാപിക്കുക.

2. ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് യൂണിറ്റിന്റെ വാർഷിക ഉൽപ്പാദനം 60,000 മെട്രിക് ടണ്ണായി ഉയർത്തുന്നതിന് 415.99 കോടി രൂപാ ചെലവു പ്രതീക്ഷിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

3. പ്രതിദിനം 100 മെട്രിക് ടൺ ഓക്സിജൻ ഉൽപ്പാദിപ്പിക്കുന്നതിന് 51.82 കോടി രൂപ ചെലവ് വരുന്ന ഒരു പ്ലാന്റ് സ്ഥാപിക്കുക.

4. 22.13 കോടി രൂപാ ചെലവ് പ്രതീക്ഷിക്കുന്ന അത്യാധുനിക ഓട്ടോമാറ്റിക് പായ്ക്കിംഗ് സിസ്റ്റം നടപ്പിലാക്കുക.

(ബി) പിഗ്മെന്റ് പ്ലാന്റിന്റെ ശേഷി ഉയർത്തൽ, കടൽമണലിൽ നിന്നും ഇൽമനൈറ്റ് വേർതിരിച്ചെടുക്കുക, ടൈറ്റാനിയം ഡയോക്സൈഡ് നിർമ്മാണത്തിനുള്ള ഓക്സിജൻ പ്ലാന്റിന്റെ വികസനം എന്നിവയ്ക്കായി സ്വീകരിച്ച നടപടികൾ താഴെ കൊടുത്തിരിക്കുന്നു.-

1. പിഗ്മെന്റ് പ്ലാന്റിന്റെ ശേഷി ഉയർത്തൽ

ഈ ജോലി ഏറ്റെടുത്തു നടത്തുന്നതിന് യോഗ്യരായ കരാറുകാരെ (prequalification) തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ വിജയിച്ചകരാറുകാരന് ടെൻഡർ ഡോക്യുമെന്റ് നൽകിയിട്ടുണ്ട്.

2. മിനറൽ സെപ്പറേഷൻ പ്ലാന്റിന്റെ വികസനം

കരാറുകാരുടെ മുൻ യോഗ്യതാനിർണ്ണയത്തിൽ (prequalification) വിജയിച്ച കരാറുകാർക്ക് ടെൻഡർ ഫോം നൽകിയെങ്കിലും അവരിൽ നിന്നും പ്രതികരണം (offer) ലഭിക്കാതിരുന്നതിനാൽ ടെൻഡർ വ്യവസ്ഥകളിൽ (tender specification) വ്യതിയാനങ്ങൾ വരുത്തി വീണ്ടും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുതിയ ടെൻഡർ ഫോം സ്വീകരിക്കുന്ന അവസാന തീയതി 31.3.2000 ആണ്.

3. ഓക്സിജൻ പ്ലാന്റിന്റെ വികസനം

ഈ ജോലി ഏറ്റെടുത്തു നടത്താൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് ലഭിച്ച 9 കരാറുകാരിൽ 4 കരാറുകാരുടെ വ്യവസ്ഥകളുടെ സാങ്കേതിക മൂല്യ നിർണ്ണയം നടത്തിക്കൊണ്ടിരിക്കുന്നു.

(സി) കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെ വികസന പ്രവർത്തനങ്ങൾ 24 ദിവസത്തിനകം പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷ.

(ഡി)&(ഇ) നാല് പദ്ധതികളും ഒരു ഘട്ടത്തിൽ തന്നെ സമാന്തരമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ആകെ 782.41 കോടി രൂപ.

(എഫ്) ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി തീരുവ വെട്ടിക്കുറച്ച കേന്ദ്രസർക്കാർ നയം കെ.എം.എൽ.എൽ-നെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. 1995-96-ൽ ഇറക്കുമതി തീരുവ 50% ആയിരുന്നപ്പോൾ കെ.എം.എൽ. എൽ. 18.011 മെട്രിക് ടൺ പിഗ്മെന്റ് വിറ്റഴിക്കുകയുണ്ടായി. എന്നാൽ 1996-97 -ൽ ഇറക്കുമതി തീരുവ 42% ആയി കുറച്ചപ്പോൾ പിഗ്മെന്റിന്റെ വിൽപ്പന 6.058 മെട്രിക് ടണ്ണായി കുറയുകയുണ്ടായി. ഇക്കാരണത്താൽ 1996-97-ൽ കമ്പനിയുടെ ലാഭത്തിൽ ഗണ്യമായ കുറവുണ്ടായി.

15 (*135) കയർ വികസന പദ്ധതി

<u>ശ്രീമതി റോസമ്മ ചാക്കോ</u> :
<u>ശ്രീ. കെ.എ. ചന്ദ്രൻ</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. ജോർജ്ജ് ജെ. മാത്യു</u> :
<u>ശ്രീ. പി.ജെ. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly